സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

January 2026
Vol. 2 Issue 2

പാലൈ
PALAI பாலை
ISSN No: 3049-0316

# മാപ്പിളക്കലകളുടെ സാംസ്കാരികമൂല്യം



**ഡോ. സിസ്റ്റു സെബാസ്റ്റ്യൻ***

**സംഗ്രഹം**

കേരളത്തിലെ മുസ്ലീം സമൂഹത്തിനിടയിൽ പ്രചാരത്തിലുള്ള കലാരൂപങ്ങളാണ് മാപ്പിളക്കലകൾ. കേരളത്തിന്റെ പൊതുവായ നാടോടിക്കലാപാരമ്പര്യത്തോട് ചേർന്നുനിൽക്കുന്നവയാണ് ഈ കലാരൂപങ്ങൾ. അവ ഒരു ജനതയുടെ സാംസ്കാരികപൈതൃകത്തെയും അവർ വസിക്കുന്ന ദേശത്തിന്റെ സവിശേഷതകളെയും സ്വാംശീകരിച്ചുകൊണ്ടാണ് വളർന്നുവികസിച്ചിട്ടുള്ളത്. ഈ കലാരൂപങ്ങളെക്കുറിച്ചുള്ള പഠനം മാപ്പിളസമൂഹത്തിന്റെ ചരിത്രത്തെയും സംസ്കാരത്തെയുംകൂടി അടയാളപ്പെടുത്തുന്നുണ്ട്. പ്രധാനപ്പെട്ട മാപ്പിളക്കലാരൂപങ്ങളെ സാമാന്യമായി പരിചയപ്പെടുത്തുകയും അവയുടെ സാംസ്കാരികമൂല്യം കണ്ടെത്തുകയുമാണ് പ്രബന്ധത്തിന്റെ ലക്ഷ്യം.

**താക്കോൽവാക്കുകൾ:** ഒപ്പന, ദഫ്മുട്ട്, അറബനമുട്ട്, കോൽക്കളി, സംസ്കാരം, മാപ്പിളക്കലകൾ

## ആമുഖം

ഒരു ദേശത്തിന്റെയോ ജനതയുടെയോ തനതായ സംസ്കാരത്തിന്റെ ഈടുവയ്പുകളും ബഹിർസ്ഫുരണങ്ങളുമാണ് നാടോടിക്കലകൾ. അവയുടെ സാംസ്കാരികമൂല്യം തിരിച്ചറിഞ്ഞതുകൊണ്ടാണ് നാടോടിക്കലാപഠനത്തെ സൂചിപ്പിക്കുന്ന ഫോക്ലോർ എന്ന പദത്തിനു പകരമായി സ്പർശേതര സംസ്കാര പൈതൃകം (Intangible Cultural Heritage) എന്ന പദം ഉപയോഗിക്കണമെന്ന് 2003ൽ യുനസ്കോ നിർദേശിച്ചത്. സ്ഥാപന സംബന്ധിയായ പദമാണ് ഫോക്ലോർ എന്നതിനാൽ അത് ഒഴിവാക്കി പകരം ജനതയുടെ അപരിമേയവും അളവറ്റതുമായ സംസ്കാരപൈതൃകത്തെ അഭിവ്യഞ്ജിപ്പിക്കുന്ന പദം നാടോടിക്കലാപഠനത്തിനായി സ്വീകരിക്കണമെന്നാണ് യുനസ്കൊ അഭിപ്രായപ്പെട്ടത്. സംസ്കാരപൈതൃകപഠനത്തിന്റെ ഭാഗമായി മാറിയതോടെ നാടൻപാട്ടുകൾ, നാടൻകലകൾ, നാടൻകഥാഗാനങ്ങൾ, അനുഷ്ഠാനങ്ങൾ, ആചാരങ്ങൾ, വിശ്വാസങ്ങൾ, നാടൻവിനോദങ്ങൾ എന്നിവയെക്കുറിച്ചുള്ള പഠനം ജനതയുടെ പ്രാക്തനജീവിതത്തിന്റെയും അവിടെ ഉരുവപ്പെട്ട സംസ്കാരത്തിന്റെയും പഠനമായി പരിണമിച്ചു. പഠനവിധേയമാകുന്ന നാടോടികലാരൂപങ്ങൾ പ്രതിനിധാനം ചെയ്യുന്ന ജനതയുടെ സാമൂഹികവും മതപരവുമായ ജീവിതസന്ധികൾ പഠനത്തിന്റെ ഭാഗമായിത്തീർന്നു.

സാംസ്കാരിക വൈവിധ്യത്തിന്റെ നാടായ കേരളം വിവിധ നാടൻകലാരൂപങ്ങളാൽ സമൃദ്ധമാണ്. വ്യത്യസ്തമതങ്ങളും പ്രാദേശിക സംസ്കൃതികളും ഭാഷാഭേദങ്ങളും സമന്വയിച്ചുണ്ടാകുന്ന

* അസിസ്റ്റന്റ് പ്രൊഫസർ, ദേവമാതാ കോളേജ് കുറവിലങ്ങാട്, ഫോൺ: 9497708201
Email: regismal77@gmail.com

വൈവിധ്യാത്മകമായ സമഗ്രതയാണ് കേരളസംസ്കാരത്തിന്റെ സവിശേഷത. അറബിക്കടലിനും മഴക്കാടുകൾ നിറഞ്ഞ സഹ്യപർവ്വതനിരകൾക്കുമിടയിലുള്ള ഭൂമിശാസ്ത്രപരമായ നിലയും പൗരാണികമായ വിദേശവ്യാപാരബന്ധങ്ങളും പലകാലങ്ങളിലായി നടന്നിട്ടുള്ള കുടിയേറ്റങ്ങളും കാർഷികസംസ്കൃതിയും കലാസാഹിത്യശാസ്ത്രപാരമ്പര്യങ്ങളും സമന്വയിച്ചാണ് കേരളത്തിന്റെ സാംസ്കാരികവൈവിധ്യം രൂപപ്പെട്ടിട്ടുള്ളത്. ഇവയ്ക്കെല്ലാം അന്തർദ്ധാരയായി വർത്തിക്കുന്നതാകട്ടെ മധുരമലയാളമെന്ന മാതൃഭാഷയും.

വിദേശബന്ധങ്ങളും കുടിയേറ്റങ്ങളും വിവിധ മതസംസ്കാരങ്ങളുടെ കേരളപ്രവേശനത്തിന് കാരണമായി. ഏതൊരു പുതുമയെയും അവയുടെ നന്മ മാത്രം നോക്കി സ്വീകരിക്കുന്ന കേരളീയപാരമ്പര്യം മതങ്ങളുടെ വളർച്ചയ്ക്ക് ആക്കംകൂട്ടി. വിദേശമതങ്ങളും കേരളത്തിന്റെ ദേശസംസ്കാരത്തോട് ഇഴുകിച്ചേർന്നാണ് വളർന്നുവികസിച്ചത്. മതപരമായ ചടങ്ങുകളുടെയും ജനതയുടെ പൊതുവായ ആഘോഷങ്ങളുടെയും ഭാഗമായി കേരളത്തിന്റെ മണ്ണിൽ രൂപമെടുത്ത കലാരൂപങ്ങളിലും ഈ സാംസ്കാരിക സമന്വയം ദൃശ്യമാണ്. ഹൈന്ദവകലാരൂപങ്ങൾ, ക്രിസ്ത്യൻ കലകൾ, മാപ്പിളക്കലകൾ എന്നിങ്ങനെയുള്ള വേർതിരിവുകൾ നിലനിൽക്കുമ്പോൾതന്നെ അവയിൽ അന്തർഹിതമായി വ്യാപരിക്കുന്ന കേരളത്തനിമയാർന്ന സാംസ്കാരികധാരകളുടെ സല്ലയനം അത്ഭുതാവഹമാണ്. കേരളീയമായ എല്ലാ കലകളും പ്രകടിപ്പിക്കുന്നത് കേരളസംസ്കാരത്തിന്റെ ഈടുവയ്പുകൾ തന്നെയാണ്. ഈ പൊതുധാരണയുടെ അടിസ്ഥാനത്തിലാണ് മാപ്പിളക്കലകളുടെ സാംസ്കാരിക മൂല്യം വിലയിരുത്തുന്നത്. അതിന്റെ ഭാഗമായി പ്രചുരപ്രചാരം സിദ്ധിച്ച പ്രധാനപ്പെട്ട മാപ്പിളക്കലകളെ ഇവിടെ സാമാന്യമായി പ്രതിപാദിക്കുന്നു.

**ഒപ്പന**

മാപ്പിളക്കലകളിൽ ഏറെ ജനപ്രിയമായ കലാരൂപമാണ് ഒപ്പന. കല്യാണം, കാതുകുത്ത് കല്യാണം, സുന്നത്ത്, വയസ്സറിയിക്കൽ, നാൽപ്പതുകുളി എന്നീ ചടങ്ങുകളോട് അനുബന്ധിച്ചാണ് സാധാരണ ഒപ്പന നടത്താറുള്ളത്. മലബാറിലെ മാപ്പിളമാർക്കിടയിൽ നിലനിൽക്കുന്ന ഒപ്പനയ്ക്ക് കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കിടയിലും പ്രചാരത്തിലുള്ള കൈകൊട്ടിക്കളിയുമായി അടുത്തബന്ധമുണ്ട്. അബ്വന എന്ന അറബി വാക്കിൽ നിന്നാണ് ഒപ്പന എന്ന പേരുണ്ടായതെന്ന് കരുതപ്പെടുന്നു. മാപ്പിളപ്പാട്ടിലെ ഒരു ഇശൽ മാത്രമാണ് ഒപ്പനയെന്നും ചിലർക്ക് അഭിപ്രായമുണ്ട്.

വധുവിനെ വേഷഭൂഷാദികൾ അണിയിച്ച് പന്തലിലേക്ക് ആനയിച്ച് പീഠത്തിലിരുത്തി ചുറ്റിലുമായി ഒരു കൂട്ടം സ്ത്രീകൾ താളാത്മകമായി പാടിക്കളിക്കുന്നതാണ് ഒപ്പനയുടെ പൊതുരീതി. ഒരാൾ മുൻപാട്ടുപാടുകയും മറ്റുള്ളവർ അത് ഏറ്റുപാടി ചുവടുകൾ വയ്ക്കുകയും ചെയ്യുന്നു. ഒപ്പനചായൽ, ഒപ്പനമുറുക്കം എന്നീ രണ്ടിനങ്ങളുണ്ട് ഒപ്പന. ചായലിന് കൈകൊട്ടി താളം പിടിക്കില്ല. എന്നാൽ മുറുക്കം പാടുമ്പോൾ കൈകൾ കൊട്ടണം. ഒപ്പനയ്ക്ക് ശൃംഗാരരസപ്രധാനമായ പ്രേമഗാനങ്ങളോടൊപ്പം പടപ്പാട്ടുകളും യാത്രപ്പാട്ടുകളും കഥപ്പാട്ടുകളും പാടിവരുന്നു. ജീവിതത്തിന്റെ ഭാഗമാകാൻ പോകുന്ന മണവാളന്റെ ഗുണഗണങ്ങൾ മണവാട്ടിക്കു മുമ്പിൽ അവതരിപ്പിക്കുന്ന വിധത്തിലാണ് ഒപ്പനപ്പാട്ടുകൾ തയ്യാറാക്കുന്നത്. അതതു സ്ഥലങ്ങളിലെ പരമ്പരാഗതവേഷങ്ങളും ആഭരണങ്ങളുമാണ് ഒപ്പനയുടെ വേഷം. മനോഹരവസ്ത്രങ്ങളും തട്ടവും പലതരത്തിലുള്ള ആഭരണങ്ങളുമണിഞ്ഞ ഒപ്പനയുടെ വേഷം വർണശബളമാണ്. സ്ത്രീകളെപ്പോലെ പുരുഷന്മാരും ഒപ്പന നടത്താറുണ്ട്. ഇത് സ്ത്രീകളുടെ ഒപ്പനയിൽ നിന്ന് വ്യത്യസ്തമാണ്. പുരുഷന്മാർ പുതുമണവാളനെ വലയം ചെയ്തുകൊണ്ടാണ് ഒപ്പന പാടുന്നത്. അവരുടെ വേഷം വെള്ളമുണ്ടും ഷർട്ടുമാണ്.

**ദഫ്മുട്ട്**

മതാനുഷ്ഠാനത്തിന്റെ ഭാഗമായി വളർന്നുവികസിച്ച ഒരു മാപ്പിളക്കലയാണ് ദഫ്മുട്ട്. ഈ കലാരൂപം ദഫ്കളി, ദഫ്മുട്ടിക്കളി എന്നീ പേരുകളിലും അറിയപ്പെടുന്നു. ദഫ് അഥവാ ദപ്പ് എന്ന വാദ്യം ഉപയോഗിച്ചുകൊണ്ടുള്ള കളിയായതിനാലാണ് ഇതിന് ഈ പേരുകളുണ്ടായത്. മെദിനക്കാർക്കിടയിൽ ഉണ്ടായിരുന്ന ഒരു കലാപ്രകടനത്തിന്റെ പരിണതരൂപമാമാണ് ഈ കളിയെന്ന് കരുതപ്പെടുന്നു. അറേബ്യയിൽ നിന്നാണ് ദഫ് കളി കേരളത്തിലെത്തിയത്. പ്രവാചകനായ മുഹമ്മദ് നബിയുടെ കാലത്തിനുമുമ്പും ദഫ് പ്രചാരത്തിലുണ്ടായിരുന്നത്രേ. പ്രവാചകന്റെ ആശീർവ്വാദത്തോടെയാണ് ദഫ്മുട്ടുകളി പിന്നീട് പ്രചരിച്ചത്. മതപരമായ അനുഷ്ഠാനമായി ദഫ്മുട്ട് പണ്ട് നടത്താറുണ്ടായിരുന്നു. പള്ളികളിൽ നേർച്ചയായി ദപ്പ് റാത്തീബ്, ദപ്പ് കവാത്ത് എന്നീ പേരുകളിൽ അപൂർവ്വമായെങ്കിലും ഈ കളി ഇന്നും നടത്താറുണ്ട്. പിൽക്കാലത്താണ് കല്യാണം, സുന്നത്ത് തുടങ്ങിയ സാമൂഹികാചാരങ്ങളുടെ ഭാഗമായിട്ടാണ് ദഫ്മുട്ട് അരങ്ങേറിത്തുടങ്ങിയത്.

 ISSN No: 3049-0316


പന്ത്രണ്ടിലധികം പേർ പങ്കെടുക്കുന്ന ദഫ്മുട്ടുകളിയിൽ സംഘനേതാവ് പാടിക്കൊടുക്കുന്ന ബൈത്ത് (പാട്ട്) മറ്റുള്ളവർ ഏറ്റുപാടിക്കൊണ്ട് ദഫ് കൊട്ടി കളിക്കുന്നു. ഏകദേശം രണ്ടടി വ്യാസത്തിൽ മരം പൊഴിച്ചെടുത്ത് അതിൽ കാളത്തോൽ വരിഞ്ഞാണ് ദഫ് തയ്യാറാക്കുന്നത്. മതപരമായ സലാത്ത് (പ്രാർത്ഥന) ചൊല്ലിക്കൊണ്ടാണ് കളി ആരംഭിക്കുന്നത്. നിന്നും ഇരുന്നും ചരിഞ്ഞും ചാഞ്ഞും ചുറ്റിയുമുള്ള ചലനങ്ങളോടെയാണ് കളി പുരോഗമിക്കുന്നത്. വമ്പുറ്റന്റെ ചൊറ, ചെന്തമലർചൊറ, എട്ടിന്റെ ചൊറ, മാലേന്റെ ചൊറ, ചെറിയ എട്ടിന്റെ ചൊറ, മാല വീഞ്ഞ ചൊറ, മാലച്ചൊട്ട്, സന്തോഷക്കളി, വരണ്ടുള്ള ചായൽ, സെയ്ത് മുഹമ്മദ് കളി, പണ്ടൊരുനാൾ പറങ്കികളോട് എന്ന കളി എന്നിങ്ങനെ നിരവധി കളികൾ ദഫ്കളിയുടെ ഭാഗമായുണ്ട്. കോഴിക്കോട്, മലപ്പുറം പ്രദേശങ്ങളിൽ ഈ കളിക്ക് നല്ല പ്രചാരമുണ്ട്. മതപരമായ പാട്ടുകൾ, പടപ്പാട്ടുകൾ, പ്രേമഗാനങ്ങൾ, ദുഃഖഗാനങ്ങൾ, പ്രകൃതിവർണനകൾ, സ്ഥലപുരാണങ്ങൾ, സങ്കല്പകഥകൾ എന്നിവയൊക്കെ ദഫ്കളിക്ക് പാടാറുണ്ട്. ബദറുൽ മുനീർ ഹുസ്നുൽജമാൽ, ബദർ പടപ്പാട്ട്, മക്കം ഫത്തഹ്, അർബല യുദ്ധം തുടങ്ങിയവയൊക്കെ സന്ദർഭാനുസരണം ദഫ്മുട്ടുകളിയിൽ ഉൾപ്പെടുത്താറുണ്ട്.

### അറബനമുട്ട്

അറബന എന്ന വാദ്യോപകരണം ഉപയോഗിച്ചുകളിക്കുന്ന ഭക്തിരസപ്രധാനമായ മാപ്പിളക്കലാരൂപമാണ് അറബനമുട്ടുകളി. ഒന്നരച്ചാണെങ്കിലും വിസ്താരവും അഞ്ച് ഇഞ്ചെങ്കിലും വീതിയുമുള്ള മരച്ചട്ടകൊണ്ടാണ് അറബന നിർമ്മിക്കുന്നത്. തോലുകൊണ്ട് മരച്ചട്ട പൊതിഞ്ഞ് പിത്തളവാറുകൊണ്ട് കിലുക്കങ്ങളും പിടിപ്പിക്കുന്നു. അറബനമുട്ട് എന്ന പൊതുനാമത്തിൽ അറിയപ്പെടുന്ന മുട്ടുവാദനത്തിൽ റാത്തീബ്മുട്ട്, കളിമുട്ട് എന്നിങ്ങനെ രണ്ടുവിഭാഗങ്ങളുണ്ട്. ആദ്യത്തേത് അനുഷ്ഠാനപരവും രണ്ടാമത്തേത് അനുഷ്ഠാനേതരവുമാണ്. അറബന മുട്ടുന്നതിലെ സ്ഥാനഭേദമനുസരിച്ച് ധ്വനിഭേദങ്ങളുണ്ടാകുന്നു. ഞൊട്ട്, തട്ട്, വിരല്, തള്ള്, തിരിപ്പ്, ഉള്ള്, മറിപുറം, തിരിഞ്ഞകം എന്നിങ്ങനെ എട്ടു ധ്വനികളുണ്ട്. അറബനയിൽനിന്ന് പരമാവധി ശബ്ദമുണ്ടാകുന്ന വിധത്തിലാണ് റാത്തീബ്മുട്ടിൽ മുട്ടുന്നത്. അതേസമയം കളിമുട്ടിൽനിന്ന് നേർത്ത ധ്വനികളാണ് പുറപ്പെടുന്നത്. ദഫ്മുട്ടുകളിയുടെ വീര്യവത്തും ഊർജ്ജസ്വലവുമായ രൂപഭേദമാണ് അറബന എന്നതിനാൽ അത് അവതരിപ്പിക്കുന്ന കലാകാരന്മാർക്ക് കൂടുതൽ ശാരീരികക്ഷമതയും അഭ്യാസഗുണവും ആവശ്യമാണ്. കൈത്തണ്ട, മൂക്ക്, തോൾ തുടങ്ങിയ ശരീരഭാഗങ്ങളിൽ അറബനകൊണ്ട് മുട്ടിയും തട്ടിയും ശബ്ദമുണ്ടാക്കിക്കൊണ്ടാണ് ആശാന്റെ ബൈത്ത് കളിക്കാർ ഏറ്റുപാടുന്നത്. ദഫ്മുട്ടുകളിയിലെന്നപോലെ താളാത്മകമായ വിവിധതരം പാട്ടുകൾ അറബനമുട്ടിലും ഉപയോഗിച്ചുവരുന്നു.

### കോൽക്കളി

കോലടിക്കളി, കമ്പുകളി എന്നീ പേരുകളിൽകൂടി അറിയപ്പെടുന്നതും കായികാഭ്യാസവുമായി ബന്ധമുള്ളതുമായ കോൽക്കളി കേരളത്തിലെ ഒട്ടുമിക്ക ജാതിമതവിഭാഗങ്ങളും ദേശഭേദമെന്യേ അവതരിപ്പിക്കുന്ന വിനോദപരമായ കലാവിഷ്ക്കാരമാണ്. മാപ്പിളമാരുടെ കോൽക്കളി അവതരണത്തിലും പാട്ടിന്റെ ഉള്ളടക്കത്തിലും മറ്റുവിഭാഗക്കാരുടേതിൽനിന്ന് വ്യത്യസ്തത പുലർത്തുന്നതാണ്. കണ്ണൂർ അറയ്ക്കൽ അലി രാജാവിന്റെ സ്ഥാനാരോഹണത്തിനായി കളരി അഭ്യാസിയായിരുന്ന ഹൈന്ദവ മുക്കുവ വിഭാഗത്തിൽപെട്ട പൈതൽ മരക്കാൻ 1850 കളിൽ താളാത്മകമായി രൂപപ്പെടുത്തിയതാണ് മാപ്പിള കോൽക്കളിയെന്ന് കരുതപ്പെടുന്നു. കളി ആരംഭിക്കുമ്പോഴും അവസാനിക്കുമ്പോഴും മതപരമായ പ്രാർത്ഥനയുണ്ടാകും. കോൽക്കളിയുടെ തുടക്കത്തിൽ കളിക്കാരെ അകം, പുറം എന്നിങ്ങനെ രണ്ടായി തിരിക്കും. പുറംകളിക്കാർ പുറത്തും അകംകളിക്കാർ അകത്തും നിലയുറപ്പിച്ചാണ് കളി ആരംഭിക്കുക. കളിക്കിടയിൽ സ്ഥാനം മാറിക്കളിക്കും. ഇതിന് കോർക്കൽ എന്നു പറയുന്നു. ഓരോ കളിക്കും പ്രത്യേക താളക്രമമുണ്ട്. അവ വായ്ത്താരിയായി പഠിക്കുന്നു. ദഫ്മുട്ടുകളിക്കു പാടുന്ന ചില പാട്ടുകളും കോൽക്കളിക്ക് പാടാറുണ്ട്.

### മുട്ടും വിളിയും

മലബാറിലെ പ്രാചീന മാപ്പിള കലാരൂപങ്ങളിൽ ഒന്നാണ് മുട്ടും വിളിയും. പേർഷ്യൻ പാരമ്പര്യ കലാരൂപമായ ഷെഹനായ് വാദനത്തിൽ നിന്നാണ് മുട്ടും വിളിയും രൂപംകൊണ്ടതെന്ന് കരുതപ്പെടുന്നു. മലബാറിലെ കാർഷിക-സാംസ്കാരിക-മതസൗഹാർദ്ദ ഉത്സവങ്ങളായിരുന്ന നേർച്ചകളിലെ നിറസാന്നിദ്ധ്യമായിരുന്നു ഈ കലാരൂപം. രണ്ടു ചർമ്മവാദ്യങ്ങളും ഒരു കുഴലുമാണ് ഒരു മുട്ടുംവിളിയിൽ ഉള്ളത്. തോൽ വാദ്യങ്ങളിൽ ഒന്ന് മുരശും മറ്റേത് ഒറ്റയുമായിരിക്കും. ഒറ്റക്കോൽ കൊണ്ടാണ് അവ വാദനം ചെയ്യേണ്ടത്.

ഉത്തരേന്ത്യൻ ഉസ്താദുമാരുടെ ഷെഹ്നായ് എന്ന വാദ്യമാണ് മുട്ടും വിളിയിൽ ഉപയോഗിക്കുന്ന കുഴൽ വാദ്യം. അതിലോലമാണെങ്കിലും ശക്തമായ നാദതരംഗങ്ങൾ സൃഷ്ടിക്കുന്നവയാണ് മുട്ടും വിളിക്കുഴൽ. മാപ്പിളപ്പാട്ടിലെ ഒരു ഇശൽ കുഴലിൽകൂടി ഊതുകയും അതിനനുസൃതമായി മുരശുകൊട്ടുകയും ഇടതീർപ്പിനായി ഒറ്റയിൽ മുഴങ്ങുന്ന ഒറ്റ അടിക്കുകയും ചെയ്യുന്നതാണ് മുട്ടും വിളിയുടെ ആവിഷ്ക്കാരരീതി. പള്ളികളിലെ നേർച്ചയ്ക്കും പെരുന്നാളുകൾക്കും മുട്ടുംവിളിയും നിർബന്ധമായിരുന്നു.

## കൈമുട്ടുകളിയും വട്ടപ്പാട്ടും

മാപ്പിളമാരുടെ കല്യാണാവസരങ്ങളിൽ പുരുഷന്മാർ അവതരിപ്പിക്കുന്ന കലാരൂപമാണ് കൈമുട്ടുകളി. ഇതിന് ചില പ്രദേശങ്ങളിൽ വട്ടക്കളി എന്നും പറയാറുണ്ട്. മറ്റു പല നാടോടികലാരൂപങ്ങൾക്കും എന്നപോലെ കൈമുട്ടുകളിക്കും പ്രാദേശികഭേദങ്ങളുണ്ട്. ദഫും അറബനയും ഉപയോഗിച്ച് മണിമുട്ടി നടത്തുന്ന കൈമുട്ടുകളിയുണ്ട്. തദവസരത്തിൽ കളിക്കാർ അഭിമുഖമായിരുന്ന് ബൈത്തുകൾ ചൊല്ലുന്നു. മലബാറിലെ പഴയ വാള്ളുവനാട്, ഏറനാട് പ്രദേശങ്ങളിൽ വരനെ കല്യാണപ്പന്തലിലിരുത്തി ക്ഷൗരകർമ്മം ചെയ്യുമ്പോൾ കളിക്കാർ വട്ടമിട്ടുനിന്നു പാടുന്ന രീതിയാണുള്ളത്. പാട്ടുകാർ വട്ടത്തിലിരുന്ന് കവിയും വിരുത്തവും ചൊല്ലിയശേഷമാണ് പദങ്ങൾ പാടുന്നത്. രണ്ടുപേർ കൈ കൊട്ടിക്കൊണ്ട് പാടുകയും മറ്റുള്ളവർ അതേ താളത്തിൽ കൈകൊട്ടിക്കൊണ്ട് ഏറ്റുപാടുകയും ചെയ്യുന്നു. ആ സമയത്ത് ഒരാൾ കിണ്ണാരം (ഇലത്താളം) മുട്ടുകയും ചെയ്യുന്നു. ചിലയിടങ്ങളിൽ പുരുഷമാരെപ്പോലെ സ്ത്രീകളും ഈ കലാപ്രകടനത്തിൽ ഏർപ്പെടാറുണ്ട്.

## സാംസ്കാരിക തലം

മാപ്പിള സമൂഹത്തിന്റെ സാംസ്കാരിക ജീവിതത്തിന്റെ ഭാഗമായി രൂപപ്പെട്ട മാപ്പിള കലാരൂപങ്ങൾ ജനതയുടെ ജീവിതത്തെ സമഗ്രമായി പ്രതിഫലിപ്പിക്കുന്നു. മാപ്പിളസമൂഹം കേരളത്തിന്റെ പൊതുധാരയോട് ഇണങ്ങി നിൽക്കുന്നതുപോലെ ഈ കലാരൂപങ്ങളും കേരളീയസംസ്കാരത്തിന്റെ സൂക്ഷ്മതലങ്ങളെ സമർത്ഥമായി സമീക്ഷിക്കുന്നുണ്ട്. മാപ്പിളമാർ എന്ന സംജ്ഞ പൊതുവേ കേരളത്തിലെ മുസ്ലീം സമൂഹത്തെ ഒന്നാകെ പ്രതിനിധാനം ചെയ്യുന്നുണ്ട്. എന്നാൽ സൂക്ഷ്മനിരീക്ഷണത്തിൽ, ഇസ്ലാം മതം സ്വീകരിച്ച കേരളീയരുടെ പിൻഗാമികളോ അറബികളുടെ കേരളീയരുമായുള്ള വിവാഹത്തിൽനിന്ന് ഉത്ഭവിച്ച തലമുറയോ ആണ് മാപ്പിളമാർ എന്ന് വ്യക്തമാകും. എ.ഡി. ഏഴാം നൂറ്റാണ്ടിൽ ഇസ്ലാം മതം കേരളത്തിലെത്തിയതുമുതൽ മാപ്പിളമാരിവിടെയുണ്ട്. അറബികളുമായുള്ള അവരുടെ നിരന്തര സമ്പർക്കം അവരുടെ ജീവിതത്തിലും ആചാരങ്ങളിലും സംസ്കാരത്തിലും സ്വാധീനം ചെലുത്തി. ഭാഷയിലും സാഹിത്യത്തിലുമെന്നപോലെ സംഗീതം, കല എന്നിവയിലും കേരളസംസ്കാരത്തിന്റെയും ഇസ്ലാമിക സംസ്കാരത്തിന്റെയും സമന്വയത്തിന് ഇത് വഴിയൊരുക്കി. അറബിമലയാളത്തിൽ എഴുതപ്പെട്ട മാപ്പിളപ്പാട്ടുകൾ കേരളത്തിന്റെയും പശ്ചിമേഷ്യയുടെയും സാംസ്കാരികസമന്വയത്തിന്റെ ഉത്തമ നിദർശനങ്ങളാണ്. മാപ്പിള സമൂഹത്തിനിടയിൽ രൂപപ്പെട്ട കലകളിലെല്ലാം ഈ സമന്വയത്തിന്റെ അടയാളങ്ങൾ പ്രകടമാണ്.

തെക്കൻ കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളെയും വടക്കൻ കേരളത്തിലെ മുസ്ലീം ജനതയെയും കുറിക്കുന്ന പദമാണ് മാപ്പിള. ഈ പദത്തിന് നിരവധി നിരുക്തികൾ പറയപ്പെടുന്നുണ്ട്. മണവാളൻ, മരുമകൻ എന്നീ അർത്ഥത്തിൽ മാപ്പിള എന്ന പദം തമിഴിൽ ഇന്നും ഉപയോഗിക്കുന്നു. തമിഴ് പ്രാഭവഘട്ടത്തിൽ ഇതേ അർത്ഥത്തിൽ കേരളദേശത്തും ഈ പദം പ്രയോഗത്തിലിരുന്നിരിക്കാം. അങ്ങനെയെങ്കിൽ കേരളത്തിലേക്ക് കടന്നുവന്ന ജനതയെ എല്ലാ അർത്ഥത്തിലും മണവാളനും മരുമകനുമായി സ്വീകരിച്ച കേരളത്തിന്റെ ഉദാര മനോഭാവത്തെ തന്നെയാണ് ഈ പദം കുറിക്കുന്നത്. മാർഗപിള്ള എന്ന പേരിൽ നിന്നാണ് മാപ്പിള ഉണ്ടായതെന്ന അഭിപ്രായവും നിലവിലുണ്ട്. പ്രാചീന കേരളത്തിൽ ആദ്യമായി പ്രചരിച്ച മതം ബുദ്ധമതമായിരുന്നു. പുതുതായി ബുദ്ധമതം സ്വീകരിക്കുന്നതിനെ ധർമ്മ മാർഗം സ്വീകരിക്കുക എന്ന അർത്ഥത്തിൽ മാർഗം കൂടുക എന്നാണ് പറഞ്ഞിരുന്നത്. കാലക്രമേണ മറ്റു മതങ്ങളിലേക്ക് പരിവർത്തനം ചെയ്യുന്നവരെയും മാർഗപ്പിള്ള എന്ന് വ്യവഹരിച്ചിരുന്നു. മാർഗപ്പിള്ള ലോപിച്ച് മാപ്പിളയായിത്തീർന്നു. ഇങ്ങനെ മാപ്പിള എന്ന പദത്തിന്റെ ഏതു നിരുക്തി പരിശോധിച്ചാലും വ്യക്തമാകുന്ന വസ്തുത കേരളത്തിലേക്ക് കടന്നുവന്ന വൈദേശിക മതപാരമ്പര്യങ്ങളെ കേരളീയർ സർവ്വാത്മനാ സ്വീകരിച്ചുവെന്നും കേരളീയരിൽ ഒരു വിഭാഗം അതിലേക്ക് പരിവർത്തനംചെയ്തു എന്നുമാണ്. അതുകൊണ്ടുതന്നെ കേരളത്തിന്റെ സാംസ്കാരപൈതൃകത്തിന്റെ പിൻമുറക്കാരും അനന്തരാവകാശികളുമാണ് എല്ലാ മതവിഭാഗത്തിലുംപെട്ട കേരളീയർ. ഈ വസ്തുതയെ അടിവരയിട്ട് ഉറപ്പിക്കുന്നുണ്ട് മാപ്പിളക്കലകൾ ഓരോന്നും.

ഒപ്പനയിലെ ഇശലുകളും അവയുടെ ഉള്ളടക്കവും ഇസ്ലാം പാരമ്പര്യവുമായി ഇണങ്ങി നിൽക്കുന്നതാണ്. വേഷഭൂഷാദികളും ആ പാരമ്പര്യത്തെ തന്നെയാണ് ദ്യോതിപ്പിക്കുന്നത്. എന്നാൽ കല്യാണം തുടങ്ങിയ വിശേഷാവസരങ്ങളിലെ സന്തോഷം പങ്കിടുന്ന ഇത്തരം നൃത്തരൂപങ്ങൾ കേരളത്തിന് പൊതുവായിട്ടുള്ളതാണ്. കൈകൊട്ടിക്കളിയുടെ പൊതുപാരമ്പര്യത്തോട് ഇണങ്ങിനിൽക്കുന്നവയാണ് ഇവ. ദഫ്മുട്ടുകളി, അറബനമുട്ടുകളി എന്നിവ ഏതാണ്ട് സമാനമായ പാരമ്പര്യവും ശൈലിയും ഉൾക്കൊള്ളുന്ന കലാരൂപങ്ങളാണ്. അറബി പാരമ്പര്യത്തിൽ ചിട്ടപ്പെടുത്തിയ ഈ കലാരൂപങ്ങളുടെ ചുവടുവയ്പുകളിലും അംഗചലനങ്ങളിലും കേരളത്തിന്റെ ബൃഹത്തായ അയോധനകലാ പരമ്പര്യത്തിന്റെ അനുരണനങ്ങൾ പ്രകടമാണ്.

കോൽക്കളി, പരിചമുട്ടുകളി എന്നിവ കേരളത്തിന്റെ പൊതുവായ സംസ്കാരപൈതൃകത്തിന്റെ ശേഷിപ്പുകളാണ്. അവയിലെ അടവുകളും ചുവടുകളും കേരളീയ അയോധന പാരമ്പര്യത്തിൽനിന്ന് സ്വീകരിച്ചിട്ടുള്ളവയാണ്. കേരളത്തിലെ വിവിധ ജാതിക്കാരും മതക്കാരും കോൽക്കളി അവതരിപ്പിക്കാറുണ്ട്. ഈ കളിയിൽ പ്രയോഗത്തിലുള്ള ചുവടുകളും മെയ്യഭ്യാസമുറകളും കളരിയിൽനിന്ന് പകർത്തിയതാണ്. പരിചമുട്ടുകളിയുടെ സ്ഥിതിയും ഭിന്നമല്ല. ഒരു കയ്യിൽ വാളും മറ്റേ കയ്യിൽ പരിചയും പിടിച്ചുകൊണ്ട് കളിക്കുന്ന പരിചമുട്ട് ഹിന്ദുക്കളും മുസ്ലീങ്ങളും ക്രിസ്ത്യാനികളും അവതരിപ്പിക്കാറുണ്ട്. പാട്ടിന്റെ ഉള്ളടക്കത്തിലും അവതരണ സന്ദർഭത്തിലും നിലനിൽക്കുന്ന മതപരമായ അംശങ്ങൾ മാത്രമാണ് ഇവയെ വേർതിരിക്കുന്നത്. മാപ്പിളമാർ അവതരിപ്പിക്കുന്ന പരിചമുട്ടുകളിയിൽ മാപ്പിളപ്പാട്ടുകളാണ് ഉപയോഗിക്കുന്നത്. വേഷത്തിലും ചില സവിശേഷതകളുണ്ട്. എങ്കിലും കേരളത്തിന്റെ തനതായ കലാപാരമ്പര്യത്തോട് ഇണങ്ങിനിൽക്കുന്നവയാണ് ഒട്ടെല്ലാ മാപ്പിള കലാരൂപങ്ങളും.

ഏഷ്യയിലെ ഏറ്റവും വലിയ കൗമാര കലാമേളയായ കേരള സ്കൂൾ കലോത്സവവേദിയിലെ മത്സര ഇനമായി മാറിയതോടെ മാപ്പിളക്കലാരൂപങ്ങൾ ജനസാമാന്യത്തിലേക്ക് ഇറങ്ങിച്ചെന്നു. ഏറ്റവും അധികം പ്രേക്ഷകരെ ആകർഷിക്കുന്ന നൃത്തയിനമാണ് ഒപ്പന. നിറഞ്ഞ സദസ്സിനുമുമ്പിലാണ് ഒപ്പന മത്സരം അരങ്ങേറാറുള്ളത്. അതുപോലെ ദഫ്മുട്ട്, അറബനമുട്ട് എന്നിവയും ഏറെ ജനപ്രീതിയുള്ള കലാരൂപങ്ങളാണ്. സ്കൂൾ കലോത്സവങ്ങളിലും സർവ്വകലാശാലാ യുവജനോത്സവങ്ങളിലും അവതരിപ്പിക്കപ്പെട്ടതോടെ മാപ്പിളക്കലാരൂപങ്ങൾ ജനപ്രിയതയും മതേതര സ്വഭാവവും കൈവരിച്ചു. തിരുവാതിരകളി, പൂരക്കളി, പരിചമുട്ടുകളി, ചവിട്ടുനാടകം എന്നിങ്ങനെയുള്ള കലാരൂപങ്ങളോടൊപ്പം അവതരിപ്പിക്കപ്പെടുന്ന മാപ്പിളക്കലാരൂപങ്ങളുടെ അരങ്ങിലും അണിയറയിലും നാനാജാതി മതസ്ഥരുടെ സാന്നിദ്ധ്യമുണ്ട്. അതുപോലെ ഈ കലകൾ കണ്ട് ആസ്വദിക്കുന്നവരിലും മതേതരസ്വഭാവം പ്രകടമാണ്. ഇതെല്ലാം സൂചിപ്പിക്കുന്നത് മാപ്പിളക്കലകളുടെ സാംസ്കാരിക സമുന്നതിയെ തന്നെയാണ്.

വിവിധ ജാതിമതങ്ങളിൽ വിശ്വസിക്കുന്നവരുടെ ആചാരാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട് നിരവധി കലാരൂപങ്ങൾ കേരളത്തിൽ രൂപംകൊണ്ടിട്ടുണ്ട്. പ്രാദേശികമായ തനിമകളും മതപരമായ അടയാളങ്ങളും അവയിൽ ദൃശ്യമാണെങ്കിലും അവയെല്ലാം മാനവികമൂല്യങ്ങളിൽ അടിയുറച്ച കേരളത്തിന്റെ പ്രാക്തനവും പ്രൗഢവുമായ സംസ്കാരത്തെയാണ് പ്രകീർത്തനം ചെയ്യുന്നത്. മാപ്പിളസമൂഹത്തിന്റെ പാരമ്പര്യസത്തയും സ്വത്വവും പതിഞ്ഞുകിടക്കുന്ന മാപ്പിളക്കലാരൂപങ്ങൾ ആ ജനതയുടെ വൈവിധ്യപൂർണമായ സാംസ്കാരികപൈതൃകത്തെ ഉദ്ഗാനം ചെയ്യുന്നവയാണ്. മാപ്പിളസമൂഹം അതിന്റെ സവിശേഷതകളാൽ വ്യതിരിക്തമായിരിക്കുമ്പോഴും കേരളീയസമൂഹത്തിന്റെ മുഖ്യധാരയോട് ഇഴചേർന്നു വർത്തിക്കുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്നവയാണ് മാപ്പിളക്കലാരൂപങ്ങൾ. അവ ഒരേ സമയംതന്നെ തനിമയും പലമയും പുലർത്തിക്കൊണ്ട് കേരളസംസ്കാരത്തിന്റെ സജീവധാരയായി നിലകൊള്ളുന്നു.

### സഹായകഗ്രന്ഥങ്ങൾ

രാഘവൻ പയ്യനാട്, 2006, ഫോക്ലോർ, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

വിഷ്ണു നമ്പൂതിരി, എം. വി., 2012, ഫോക്ലോർ ഉപന്യാസങ്ങൾ, പയ്യന്നൂർ: സാഹിതി മലയാളവിഭാഗം കുട്ടായ്മ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

വിഷ്ണു നമ്പൂതിരി, എം. വി., 2000, ഫോക്ലോർ നിഘണ്ടു, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

ശ്രീധരമേനോൻ, എ., 2007, കേരള സംസ്കാരം, കോട്ടയം: ഡി. സി. ബുക്സ്

ശ്രീധരൻ, എ. എം., 2009, ഫോക്ലോർ സമീപനങ്ങളും സാധ്യതകളും, തൃശ്ശൂർ: മലയാളപഠനഗവേഷണകേന്ദ്രം